പതിമൂന്നാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2628

20.06.2013 ലെ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശനിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.എ. ബേബി<br>ശ്രീ. എ.കെ. ബാലൻ<br>പ്രൊഫസർ.സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പുതിയ അദ്ധ്യായന വർഷം സംസ്ഥാനത്ത് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) | വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഒന്നുമുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും, നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഈ അദ്ധ്യായനവർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും, 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അൺഎയിഡഡ് സ്കൂളുകളിൽ 1-ാം ക്ലാസിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും, അയൽ പക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും, പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും, സൗജന്യവും, നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും, |

ഓരോ കുട്ടിയ്ക്കും ചെലവാകുന്ന തുകയോ, അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ, ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് 1 കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി.സ്കൂളുകളിൽ 1 : 35 ആയും നിശ്ചയിച്ച് ഉത്തരവാ യിട്ടുണ്ട്. എല്ലാ ഗവൺമെന്റ് /എയിഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കി പകരം, ദിവസവേതനാടിസ്ഥാനത്തിൽ ടീച്ചേഴ്സിനെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ്സുവരെ ഓൾ പ്രമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിങ്ങ് നടപ്പിലാക്കി.

ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി) സമ്പ്രദായം നടപ്പിലാക്കി വരുന്നു.

(ബി) സർക്കാർ നേരത്തെ പ്രഖ്യാപിച്ച വിദ്യാഭ്യാസ പാക്കേജ് സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പ് ഏത് ഘട്ടത്തിലാണ്;

(ബി) അധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2,813 അധ്യാപകർക്ക് അംഗീകാരം നൽകി ശമ്പളം നൽകി. കൂടാതെ തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അധ്യാപകർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അധ്യാപകർ 1,159 റീട്രഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 11 പേർ, സ്പെഷ്യൽ സ്കൂളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 അധ്യാപകർ, റിട്രഞ്ച്ഡ് ആയ 10 അധ്യാപകർ, നിയമന അംഗീകാരം ലഭിക്കാതെ ജോലി ചെയ്തിരുന്ന എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകരായ 182 പേർ എന്നിവർക്ക് നിയമനാഗീകാരവും ശമ്പളവും നൽകാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി.) | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ ഈ അദ്ധ്യായന വർഷം മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുടെ ആശങ്കകൾ ഉയർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആശങ്കകൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ; | (സി.) | വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഈ അദ്ധ്യയന വർഷം നടപ്പിലാക്കുന്നതു സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ ചർച്ചകൾ നടത്തി പരിശോധിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട് |
| (ഡി) | സ്കൂളുകളുടെ പുനർനാമകരണങ്ങളും ക്ലാസ്സുകളുടെ പുനഃക്രമീകരണവും ഈ വർഷം നടപ്പിലാക്കുന്നുണ്ടോ? | (ഡി) | ഉണ്ട്. ഘടനാമാറ്റത്തെ തുടർന്ന് പുതിയ ഡിവിഷനുകളോ തസ്തികകളോ സൃഷ്ടിക്കപ്പെടുന്നില്ല |

സെക്ഷൻഓഫീസർ